# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*547 22.05.2017 ൽ മറുപടിക്ക്**

**റോഡുകളുടെ വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.ഹൈബി ഈഡൻ** | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തലും വികസനവും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;<br>ബി) ഇതിനായി ഏതെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | എ) & ബി) സംസ്ഥാനത്തെ റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തലും വികസനവും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മന്ത്രിതലത്തിൽ ഒരു യോഗം ചേരുകയും ടി യോഗത്തിൽ പ്രവർത്തികളെ സംബന്ധിച്ച് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2016-17 ൽ റോഡുകളും പാലങ്ങളും വിഭാഗത്തിന് ഭരണാനുമതി ലഭിച്ച പ്രവർത്തികൾ എല്ലാം തന്നെ 15/08/2017 നുള്ളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 15/12/17-ൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. 2017-18ൽ പൊതുമരാമത്ത് വകുപ്പിൽ റോഡുകളും പാലങ്ങളും വിഭാഗത്തിൽ |

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുമ്മ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തികൾക്ക് 30/06/2017 നുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്കും നൽകിയിട്ടുണ്ട്. ഈ പ്രവർത്തികളുടെ പ്രോഗ്രസ് റിപ്പോർട്ട് കൃത്യമായി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് അവലോകനം ചെയ്ത് പ്രവർത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കരാറുകാർക്ക് ആധുനിക യന്ത്രം ഉപയോഗിച്ച് പല പ്രവർത്തികളും സമയബന്ധിതമായി തീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) ഇതിനുള്ള തുക എങ്ങനെയാണ് കണ്ടെത്താനുദ്ദേശിക്കുന്നത്; വിവരിക്കുമോ? | സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏറ്റെടുക്കുന്ന പ്രവർത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള തുക ബഡ്ജറ്റിലൂടെയും, കിഫ്ബിവഴിയും സ്വരൂപിക്കുന്നതാണ്. ദേശീയപാതകളുടെ വികസനത്തിന് ഫണ്ട് കണ്ടെത്തുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ |

വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയാണ്. കെ ആർ എഫ് ബി യിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് പദ്ധതികൾ നടപ്പി ലാക്കുന്നത്. കേരള റോഡ് ഫണ്ട് ആക്റ്റ് പ്രകാരം ലഭ്യമാക്കി കൊണ്ടിരിക്കുന്ന മോട്ടോർ വാഹന നികുതി ഇനത്തിൽ ലഭ്യമാകുന്ന 10% വിഹിതം ഉപയോഗിച്ചാണ് തിരിച്ചടവ് നടത്തുന്നത്.

സെക്ഷൻ ഓഫീസർ